ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.01.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വിവിധ മേഖലകളെ നൂതന അവസര ങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള സമഗ്ര ദർശനമാണ് സ്റ്റാർട്ടപ്പ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ദേശീയ സ്റ്റാർട്ടപ്പ് ദിനാഘോഷത്തെ പ്രധാനമന്ത്രി ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്തു.

   **Prime Minister Narendra Modi says Startup India is a comprehensive vision to connect various sectors with innovative opportunities; Addresses National Startup Day Program in New Delhi**

2. വ്യാജവും ഗുണനിലവാരമി ല്ലാത്തതുമായ വിത്തുകളുടെ വിൽപ്പന തടയുന്നത് ലക്ഷ്യമിട്ടുള്ള നിയമം പാർലമെൻറിൻറെ ബജറ്റ് സമ്മേളനത്തിൽ അവതരിപ്പിക്കുമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

   **Union Agriculture Minister Shivraj Singh Chouhan Says Bill to Curb Sale of Fake and Substandard Seeds to Be Introduced in Parliament's Budget Session.**

3. ഭരണകൂട വിരുദ്ധ പ്രക്ഷോഭം തുടരുന്ന ഇറാനിലെ സ്ഥിതിഗതികൾ ഇന്ത്യ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് വിദേശകാര്യ മന്ത്രാലയം. ഇറാനിലുള്ള ഇന്ത്യക്കാർ എത്രയും വേഗം മടങ്ങി വരാനും നിർദേശം.

**MEA Says India Closely Monitoring Situation in Iran Amid Anti-Government Protests; Advises Indians to Return at the Earliest.**

4. ഇന്ത്യ - ജപ്പാൻ സഹകരണം സമഗ്രവും തന്ത്രപരവുമായ പങ്കാളിത്തത്തിലേക്ക് ഉയർന്നതായി വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ.

   **EAM S. Jaishankar Says India–Japan Cooperation Elevated to a Comprehensive and Strategic Partnership.**

5. കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവിനെ സന്ദർശിച്ച് മെട്രോമാൻ ഇ. ശ്രീധരൻ. കേരളത്തിലെ റെയിൽ അടിസ്ഥാന സൗകര്യ വികസനം ചർച്ചയായി.

   **Metro Man E. Sreedharan Meets Union Minister Ashwini Vaishnaw; Discusses Rail Infrastructure Development in Kerala.**

6. മലയാള ചലച്ചിത്രരംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള 2024 ലെ ജെ.സി ഡാനിയേൽ പുരസ്കാരം നടി ശാരദയ്ക്ക്.

   **Actress Sarada Chosen for 2024 J.C. Daniel Award for Lifetime Contribution to Malayalam Cinema.**

☸☸☸☸☸☸☸☸☸☸☸☸☸

## PM ASSAM VISIT

രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ അസമിലെത്തും. ഗുവാഹത്തിയിലെ സരുസജായ് സ്റ്റേഡിയത്തിൽ നടക്കുന്ന പരമ്പരാഗത ബോഡോ സാംസ്കാരിക പരിപാടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. മറ്റന്നാൾ നാഗോൺ ജില്ലയിലെ കാലിയാബോറിൽ 6,950 കോടി രൂപയിലധികം ചെലവ് വരുന്ന കാസിരംഗ എലവേറ്റഡ് കോറിഡോർ പദ്ധതിക്ക് അദ്ദേഹം തറക്കല്ലിടും. തുടർന്ന് ഗുവാഹത്തി-റോഹ്തക്, ദിബ്രുഗഢ്-ലഖ്നൗ അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകളുടെ ഫ്ലാഗ് ഓഫും ശ്രീ മോദി നിർവഹിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## PM-NEW TRAINS

പശ്ചിമ ബംഗാളിൽ പുതിയ ട്രെയിൻ സർവിസുകൾ പ്രധാനമന്ത്രി നാളെ ഉദ്ഘാടനം ചെയ്യും. ഹൗറ-ഗുവാഹത്തി വന്ദേ ഭാരത് സ്ലീപ്പർ ഉൾപ്പെടെ നിരവധി പുതിയ ട്രെയിനുകളുടെ സർവീസുകൾ ഇതിൽ ഉൾപ്പെടും. മൂന്ന് അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകളുടെ ഉദ്ഘാടനവും മറ്റന്നാൾ പ്രധാനമന്ത്രി നിർവഹിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## PM-STARTUP ( INTRO)

കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സ്റ്റാർട്ടപ്പ് ഇന്ത്യ മിഷൻ ഒരു വിപ്ലവമായി മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ നടന്ന ദേശീയ സ്റ്റാർട്ടപ്പ് ദിനാഘോഷത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യ ഇന്ന് ലോകത്തിലെ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. വിവിധ മേഖലകളെ പുതിയ അവസരങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള സമഗ്ര ദർശനമാണ് സ്റ്റാർട്ടപ്പ് ഇന്ത്യയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

( വോയിസ്.....)

സ്റ്റാർട്ടപ്പ് സംരംഭകരുമായി പ്രധാനമന്ത്രി ചടങ്ങിൽ സംവദിച്ചു. കഴിഞ്ഞ ദശകത്തിൽ രാജ്യത്തെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയിൽ വലിയ മാറ്റങ്ങളുണ്ടായെന്ന് ചടങ്ങിൽ സംസാരിച്ച കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയൽ പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## START UP INDIA

തൊഴിൽദാതാക്കളുടെ രാജ്യമായി ഇന്ത്യയെ മാറ്റുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സ്റ്റാർട്ട് അപ്പ് ഇന്ത്യ പദ്ധതിക്ക് ഇന്ന് ഒരു പതിറ്റാണ്ട്. 2016 ജനുവരി 16 നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി

സ്റ്റാർട്ടപ്പ് ഇന്ത്യയ്ക്ക് തുടക്കം കുറിച്ചത്. 2016 ൽ 400 സ്റ്റാർട്ടപ്പുകൾ ഉണ്ടായിരുന്ന രാജ്യത്ത് ഇന്ന് സ്റ്റാർട്ടപ്പുകളുടെ എണ്ണം രണ്ട് ലക്ഷം കടന്നിരിക്കുകയാണ്.

## EARLY- SHIVRAJ-SEED ACT

പാർലമെൻറിൻറെ വരാനിരിക്കുന്ന ബജറ്റ് സമ്മേളനത്തിൽ വിത്ത് നിയമം 2026 അവതരിപ്പിക്കുമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. വ്യാജവും ഗുണനിലവാരമില്ലാത്തതുമായ വിത്തുകളുടെ വിൽപ്പന തടയുക, ഉയർന്ന ഗുണനിലവാരമുള്ളതും കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കുന്നതുമായ വിത്തിനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് നിയമനിർമ്മാണത്തിന്റെ ലക്ഷ്യമെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

## REPUBLIC DAY CHIEF GUEST

ജനുവരി 26 ന് ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ നടക്കുന്ന 77-മത് റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ യൂറോപ്യൻ കൗൺസിൽ പ്രസിഡൻറ് അൻറോണിയോ ഡകോസ്റ്റയും, യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൺ ഡെയറും വിശിഷ്ടാതിഥികളായി പങ്കെടുക്കും. മൂന്ന് ദിവസത്തെ സന്ദർശനത്തിനായാണ് ഈ മാസം 25 ന് ഇരുവരും ഇന്ത്യയിലെത്തുന്നത്.

## INDIA-GERMANY - JDI

ടെലികമ്മ്യൂണിക്കേഷൻ രംഗത്തെ സഹകരണത്തിനായുള്ള സംയുക്ത പ്രഖ്യാപനത്തിൽ ഇന്ത്യയും ജർമ്മനിയും ഒപ്പുവെച്ചു. വിവരക്കൈമാറ്റം, സാങ്കേതികവിദ്യകളിലെ സഹകരണം, പോളിസി-

റെഗുലേറ്ററി ചട്ടക്കൂടുകൾ, ടെലികോം തുടങ്ങിയ മേഖലകളിൽ ബന്ധം ശക്തിപ്പെടുത്താൻ ഇരുപക്ഷവും താൽപര്യം പ്രകടിപ്പിച്ചതായി കേന്ദ്ര വാർത്താവിനിമയ മന്ത്രാലയം അറിയിച്ചു. ജർമ്മൻ ചാൻസലർ ഫ്രെഡറിക് മെർസ് നടത്തിയ ഇന്ത്യാ സന്ദർശനത്തിനിടെയാണ് പ്രഖ്യാപനത്തിൽ ഒപ്പുവെച്ചത്.

## E SHREEDHARAN – VAISHNAW

മെട്രോമാൻ ഇ.ശ്രീധരൻ ഇന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവിനെ സന്ദർശിച്ചു. റെയിൽ കണക്റ്റിവിറ്റിയുടെ ശാക്തീകരണം, നിലമ്പൂർ-നഞ്ചൻകോട് ലൈൻ പദ്ധതി തുടങ്ങിയവ ചർച്ചയായി. കേരളത്തിലെ റെയിൽ അടിസ്ഥാന സൗകര്യങ്ങളും കണക്റ്റിവിറ്റിയും മെച്ചപ്പെടുത്തുന്നതിന് ശ്രീ ഇ. ശ്രീധരൻ നിരവധി ആശയങ്ങൾ നിർദേശിച്ചതായി കേന്ദ്രമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

## JC DANIEL

മലയാള ചലച്ചിത്രരംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള 2024ലെ ജെ.സി ഡാനിയേൽ പുരസ്കാരം നടി ശാരദയ്ക്ക്. സംസ്ഥാന സർക്കാരിന്റെ പരമോന്നത ചലച്ചിത്ര പുരസ്കാരമാണ് അഞ്ചു ലക്ഷം രൂപയും പ്രശസ്തിപത്രവും ശിൽപവും അടങ്ങുന്ന ജെ.സി ഡാനിയേൽ അവാർഡ്. ഈ മാസം 25 ന് തിരുവനന്തപുരം നിശാഗന്ധിയിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാരം സമ്മാനിക്കും.

## SCHOOL FEST

തൃശൂർ തേക്കിൻകാട് മൈതാനത്ത് പുരോഗമിക്കുന്ന 64ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ മുന്നേറ്റം തുടർന്ന് കണ്ണൂർ.

ഇഞ്ചോടിഞ്ച് പോരാട്ടവുമായി കോഴിക്കോടും തൃശൂരുമാണ് തൊട്ടുപിന്നിൽ. മറ്റന്നാൾ വൈകിട്ട് നടക്കുന്ന കലോത്സവത്തിന്റെ സമാപന സമ്മേളനം പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. നടൻ മോഹൻലാൽ ചടങ്ങിൽ വിശിഷ്ടാതിഥിയാകും. ഒന്നാമതെത്തുന്ന ജില്ലയ്ക്കുള്ള സ്വർണ്ണക്കപ്പ് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടിയും, ശ്രീ. മോഹൻലാലും ചേർന്ന് സമ്മാനിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## DISCUSSION

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യും. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. ആത്മനിർഭർ ഭാരതിനെ കുറിച്ച് സാമ്പത്തിക വിദഗ്ധ പ്രൊഫ. മേരി ജോർജുമായുള്ള സംഭാഷണം ഇന്ന് രാത്രി 11 മണിക്ക്.

❁❁❁❁❁❁❁❁❁❁❁❁❁

## VP-MCFALL MEET

ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ യു.കെ ഹൗസ് ഓഫ് ലോർഡ്സ് സ്പീക്കർ ജോൺ മക് ഫാളുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന കോമൺവെൽത്ത് സ്പീക്കർമാരുടെയും പ്രിസൈഡിംഗ് ഓഫീസർമാരുടെയും 28-ാമത് സമ്മേളനത്തോട് അനുബന്ധിച്ചായിരുന്നു കൂടിക്കാഴ്ച. ജനാധിപത്യപരമായ കാര്യങ്ങളിൽ ഇരുരാജ്യങ്ങളും ഒരേ നിലപാടാണ് പുലർത്തുന്നതെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## MEA- IRAN

ഭരണകൂട വിരുദ്ധ പ്രക്ഷോഭം തുടരുന്ന ഇറാനിലെ സ്ഥിതിഗതികൾ ഇന്ത്യ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് വിദേശകാര്യ മന്ത്രാലയം. ഇന്ത്യക്കാർ ഇറാനിലേക്കുള്ള യാത്ര ഒഴിവാക്കണമെന്നും ഇറാനിലുള്ളവർ എത്രയും വേഗം മടങ്ങിവരണമെന്നും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. നിലവിൽ ഇറാനിലുള്ള ഏകദേശം ഒൻപതായിരം ഇന്ത്യൻ പൗരന്മാരിൽ ഭൂരിഭാഗവും വിദ്യാർത്ഥികളാണ്. ഇറാനിലെ മലയാളികൾക്കായി നോർക്ക റൂട്ട്സ് ഹെൽപ്പ്ഡെസ്ക് തുറന്നിട്ടുണ്ട്.

## JAISHANKAR - JAPAN (INTRO)

കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി ഇന്ത്യയും ജപ്പാനും തമ്മിലുള്ള ബന്ധം സമഗ്രവും തന്ത്രപരവുമായ പങ്കാളിത്തത്തിലേക്ക് ഉയർന്നതായി വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ന്യൂഡൽഹിയിൽ ജാപ്പനീസ് വിദേശകാര്യ മന്ത്രി തോഷിമിറ്റ്സു മൊട്ടേഗിയുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ മഹാസാഗർ സംരംഭവും ഇന്തോ-പസഫിക് നയങ്ങളും ഇതേ വിഷയത്തിലെ ജപ്പാന്റെ ആശയങ്ങളുമായി ചേർന്ന് പോകുന്നതാണെന്ന് ശ്രീ.ജയ്ശങ്കർ പറഞ്ഞു.
( വോയിസ്......)

## BJP PRESIDENT ELECTION

ബിജെപി ദേശീയ അധ്യക്ഷനെ തിരഞ്ഞെടുക്കാനുള്ള തീയതി പ്രഖ്യാപിച്ചു. ഈ മാസം 20-നാണ് തിരഞ്ഞെടുപ്പ്. 19-ന് നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. അന്നു തന്നെ പത്രികകളുടെ സൂക്ഷ്മപരിശോധനയും നടക്കും.

## MUMBAI ELECTION

ബൃഹൻമുംബൈ മുനിസിപ്പൽ കോർപ്പറേഷൻ തിരഞ്ഞെടുപ്പിൽ ആധിപത്യവുമായി ബിജെപി-ശിവസേന സഖ്യം. 119 സീറ്റുകളിലാണ് സഖ്യത്തിന്റെ മുന്നേറ്റം. ഇതിൽ 88 സീറ്റുകളിൽ ബിജെപിയും, 31 സ്ഥലങ്ങളിൽ ശിവസേനയും ആണ് മുന്നിൽ. ശിവസേന-ഉദ്ദവ് താക്കറേ വിഭാഗം 64 സീറ്റിൽ മുന്നിലെത്തി. ബിജെപി-ശിവസേന സഖ്യത്തിന്റെ വിജയം എൻഡിഎ സർക്കാരിന്റെ വികസന നയങ്ങളിലുള്ള ജനങ്ങളുടെ വിശ്വാസത്തിനു തെളിവാണെന്ന് ബിജെപി നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ പറഞ്ഞു.

## SIR DEADLINE EXTENDED

ലക്ഷദ്വീപ്, പുതുച്ചേരി, ഗോവ,രാജസ്ഥാൻ, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ SIR ന്റെ സമയപരിധി നീട്ടി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടർമാർക്ക് അവകാശവാദങ്ങളും എതിർപ്പുകളും ഈ മാസം 19 വരെ സമർപ്പിക്കാവുന്നതാണ്.